# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)

## സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 08/2022

## 13.11.2022 ശ്രേയസ്സ് ട്രെയിനിംഗ് സെന്റർ സുൽത്താൻ ബത്തേരി

### മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാ റിപ്പോർട്ട്
4. ഐഫെക്ടോ പ്രക്ഷോഭം
5. രാജ്ഭവൻ മാർച്ച്
6. പ്രക്ഷോഭ ഫണ്ട്

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. എൻ. മനോജ്, ഡോ.ഗീതാ നമ്പ്യാർ എം. കെ, സന്തോഷ് ടി. വർഗീസ്, ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി. സി.ടി., ഡോ. സുനിൽ വി.ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. ഗായത്രി ദേവി. ജി., ഡോ. ആർ. പ്രഗാഷ്., ഡോ. സുമി ജോയി ഓലിയപുറം, ഡോ. സഞ്ചയ് കുമാർ എസ്., ഡോ. ഷീബ ദിവാകരൻ, ഡോ. ഡോ.ആനന്ദ് ദിലീപ് രാജ്, ഡോ. വിഷ്ണു വി. എസ്., ഡോ. ടി. എ. ആനന്ദ്, ഡോ. സെനോ ജോസ്, ഡോ. മാണിക്യരാജ് കെ., ജയരാജ് ജെ., ഡോ. റിജുലാൽ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ കെ., ഡോ. രഞ്ജിത് മോഹൻ പി., ഡോ. സുജ ടി. വി., അനൂപ് ജെ അലക്കപ്പള്ളളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., ഡോ. ദിനേശ് പി. കെ., സോബിൻ വർഗീസ് എം. വി., ഡോ. മഞ്ജുള കെ. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി., ഡോ. റോസ് നിക്സ് പി.കെ, ഡോ.ബി.അശോക്, ഡോ.എം.സി രാജു, ഡോ.സുശാന്ത് പി., സജിത്കുമാർ പി, ഡോ. ഷജിലാ ബീവി, ഡോ. ജിനീഷ് വി.എസ്, ഡോ.ഷാനവാസ്.പി.എച്ച്

രാവിലെ 8.30ന് സുൽത്താൻ ബത്തേരി ശ്രേയസ്സ് ട്രെയിനിംഗ് സെന്ററിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാനട്രഷറർ ഡോ. എൻ. മനോജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

കൽപ്പറ്റഗവൺമെൻറ് കോളേജ് ഇക്കണോമിക്സ് വിഭാഗം അധ്യാപികയും എ.കെ.ജി.സി.ടി യുടെ സജീവ പ്രവർത്തകയും, യൂണിറ്റ് ട്രഷററുമായിരുന്ന നാൻസി ടീച്ചർ, കവിയും നോവലിസ്റ്റുമായ ടി. പി. രാജീവൻ, പ്രമുഖ കോൺഗ്രസ് നേതാവ് സതീശൻ പാച്ചേനി, ഹെലികോപ്റ്റർ തകർന്ന് മരണമടഞ്ഞ മലയാളി സൈനികന് അശ്വിൻ എന്നിവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്ലെയിസ്മെന്റുമായി ബന്ധപ്പെട്ട് AGP 6000-7000 അപേക്ഷകളിൽ 200 ൽ അധികം അധ്യാപകരുടെ ഉത്തരവ് ഏതാനും ദിവസങ്ങൾക്കകം ഇറങ്ങുന്നതാണ്. ഈ ഉത്തരവ് ഇറങ്ങിയാലുടൻ അസോസിയേറ്റ് ഉൾപ്പെടെയുള്ള പ്ലെയിസ്മെന്റിനുള്ള പുതിയ സർക്കുലർ ഇറങ്ങുന്നതാണ്. നമ്മുടെ നിരന്തരമായ ഇടപെടലിനെ തുടർന്ന് ഷോർട്ട് ടേം കോഴ്സുകൾ സംബന്ധിച്ച ഉത്തരവ് ഉന്നത

വിദ്യാഭ്യാസ വകുപ്പ് ഇറക്കുകയുണ്ടായി. ജേർണൽ സബന്ധിച്ച ഉത്തരവ് കൂടി ഇറങ്ങിയാൽ പ്രൊഫസർഷിപ്പ്, പ്രിൻസിപ്പൽ നിയമന വിഷയങ്ങളിലെ തടസ്സം മാറും. അറബിക് കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയം, മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി സംബന്ധിച്ച ഫയലുകൾ ധനകാര്യ വകുപ്പിൻ്റെ പരിഗണനയിലാണ്. സി.ഇ.റ്റിയിലെ ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകരുടെ ജോലി സമയം സംബന്ധിച്ച് കോളേജ് പ്രിൻസിപ്പൽ ഇറക്കിയ സർക്കുലറിൽ സംഘടന വേണ്ട ഇടപെടൽ നടത്തും. പി.എച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കുക, യു.ജി. സി വിഹിതം അനുവദിക്കുക, എൻ.പി.എസ് പിൻവലിക്കുക, യു.ജി.സി കേന്ദ്ര അരിയർ അനുവദിക്കുക, പെൻഷൻ പ്രായം ഏകീകരിക്കുക തുടങ്ങിയ വിഷയങ്ങൾ മുൻനിർത്തി നവംബർ 16,17,18 തീയ്യതികളിൽ നടക്കുന്ന ഡൽഹി യു .ജി.സി ഓഫീസ് ധർണ്ണ വിജയിപ്പിക്കേണ്ടതുണ്ട്. പ്രക്ഷോഭ ഫണ്ട് മുഴുവൻ പ്രവർത്തകരിൽ നിന്നും എത്രയും വേഗം സമാഹരിക്കാൻ വേണ്ട ഇടപെടൽ യൂണിറ്റുകൾ കേന്ദ്രീകരിച്ച് ഉണ്ടാവണം. ചാർസലർ വിഷയത്തിൽ നടക്കുന്ന പ്രക്ഷോഭ പരിപാടികളിൽ തലസ്ഥാനത്തും ജില്ലാ കേന്ദ്രങ്ങളിലും മതിയായ സംഘടനാ പ്രാധിനിത്യം ഉറപ്പാക്കണം 'നിഷിദ്ധോ' എന്ന സ്ത്രീപക്ഷ സിനിമയുടെ പ്രചാരണത്തിൽ നാം പങ്കാളികളാവണം.

ജനറൽസെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും മറ്റു വിഷയങ്ങളിലും സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. പ്രക്ഷോഭ ഫണ്ട് സമാഹരണം എത്രയും വേഗം പൂർത്തീകരിക്കാൻ തീരുമാനിച്ചു.
2. കോളേജ് അധ്യാപകർക്ക് ലഭിക്കേണ്ട ഡി.എ. ലഭ്യമാക്കുന്നതിന് വീണ്ടും ആവശ്യമായ ഇടപെടൽ നടത്തും.
3. അറബിക് അധ്യാപകരുടെ സർവീസ് വിഷയത്തിലും, മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി വിഷയത്തിലും വേണ്ട ഇടപെടൽ നടത്തുന്നതാണ്.
4. പ്രിൻസിപ്പൽ നിയമനം, പ്രൊഫസർഷിപ്പ്, പ്ലെയിസ്മെന്റ് വിഷയങ്ങളിൽ വേണ്ട ഇടപെടൽ സംഘടന നടത്തുന്നതാണ്.
5. നവംമ്പർ 16 മുതൽ 18 വരെ ഡൽഹിയിൽ നടക്കുന്ന യു.ജി.സി ഓഫീസ് ഉപരോധത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് നവംബർ 18ന് കാമ്പസുകളിൽ പോസ്റ്ററുകൾ പതിക്കുകയും പ്രതിഷേധയോഗങ്ങൾ ചേരുകയും വേണം.
6. ഓരോ യൂണിറ്റുകളുടേയും ചുമതല ജില്ലാ കമ്മറ്റി അംഗങ്ങൾക്ക് നൽകുകയും കൃത്യമായി രോഗങ്ങൾ ചേരുകയും വേണം.
7. സി.ഇ.റ്റി.യിലെ ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകരുടെ ജോലി സമയം സംബന്ധിച്ച വിഷയത്തിൽ സംഘടന വേണ്ട ഇടപെടൽ നടത്തും.
8. കാലിക്കറ്റ് സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പുനസംഘടനയിൽ വേണ്ട ഇടപെടൽ നടത്തണം.
9. കണ്ണൂർ സർവ്വകലാശാല കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈനായി ചേർന്നു വന്ന അക്കാദമിക്/ സെനറ്റ് യോഗങ്ങൾ ഓഫ് ലൈൻ രീതിയിലേക്ക് മാറ്റാൻ ഇടപെടും.

യോഗം 10 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
13-11-2022

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി